**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 307 07.08.2017- ൽ മറുപടിയ്ക്ക്

**വയോമിത്രം പദ്ധതി**

**ചോദ്യം** **മറുപടി**

**ശ്രീ.പി.കെ.ബഷീർ**

**ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സാമൂഹികനീതി വകുപ്പ് നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യസംരക്ഷണവും, മാനസിക ഉല്ലാസവും നൽകുന്നതിലേയ്ക്ക് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് വയോമിത്രം. 66 മുനിസിപ്പൽ നഗരസഭകളിലും 6 കോർപ്പറേഷൻ പ്രദേശത്തും നടപ്പാക്കി വരുന്ന പദ്ധതി സംസ്ഥാനത്തെ 93 നഗരസഭകളിലും 2017 സെപ്റ്റംബറിന് മുമ്പ് വ്യാപിപ്പിക്കുന്നതിനു വേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ച വരുന്നുണ്ട്. |
| (ബി) | വയോജനങ്ങൾക്ക് പ്രസ്തുത പദ്ധതികൊണ്ട് എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത് എന്നു വ്യക്തമാക്കുമോ; | (ബി) | ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി) പൂർണ്ണ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് അവരുടെ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക പരിധി ബാധകമാക്കാതെ സൗജന്യമായി മരുന്ന്, പാലിയേറ്റീവ് സേവനം, കൗൺസിലിംഗ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ നൽകുന്നുണ്ട്. |
| (സി) | ടി പദ്ധതി ഇപ്പോൾ ഗ്രാമ-ബ്ലോക്ക് തലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; | (സി) | വയോമിത്രം പദ്ധതി ഗ്രാമ-ബ്ലോക്ക് തലത്തിൽ നടപ്പാക്കിയിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ ഗ്രാമ-ബ്ലോക്ക് തലങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | വയോമിത്രം പദ്ധതി ബ്ലോക്ക് തലത്തിൽ നടപ്പാക്കുന്നതാണ്. ഇതിന്റെ ആദ്യഘട്ടമായി 14 ജില്ലകളിലും ഓരോ ബ്ലോക്കിൽ വീതം പൈലറ്റായി 2017-18 വർഷം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചു വരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ സേവനം ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ